കൺസ്യൂമേഴ്സ് ഫെഡറേഷൻ ഒഫ് കേരള വാർഷിക സമ്മേളനം ഇന്ന്

കൊച്ചി: കൺസ്യൂമേഴ്സ് ഫെഡറേഷൻ ഓഫ് കേരളയുടെ പതിനഞ്ചാം വാർഷിക സമ്മേളനവും പഭോക്ത്ര സെമിനാറും സംഘടനയുടെ വെബ്സൈറ്റ് ഉദ്ഘാടനവും ഇന്ന് കൊച്ചിയിൽ നടക്കും. രാവിലെ 10.30 ന് എറണാകുളം വൈ എം സി എ ഹാളിൽ നടക്കുന്ന പ്രതിനിധി സമ്മേളനവും ഉപഭോക്തൃ സെമിനാറും സംസ്ഥാന ചെയർമാൻ കെ ജി വിജയകുമാറാണ് നായർ ഉദ്ഘാടനം ചെയ്യും. വർക്കിംഗ് ചെയർമാൻ സക്കറിയാസ് സേവ്യർ അധ്യക്ഷത വഹിക്കൻ. തുടർന്ന് സംസാധന ജനറൽ സെക്രട്ടറി സക്കറിയ പള്ളിക്കണ്ടി റിപ്പോർട് അവതരിപ്പിക്കും. ട്രഷറർ എൻ ഗോപാലകൃഷ്ണൻ കണക്ക് അവതരിപ്പിക്കും. ഉപഭോക്തൃ അവകാശ സംരക്ഷണ നിയമം എന്ന വിഷയത്തിൽ ലീഗൽ അഡ്വൈസർ ജി വിജയകമാർ ക്ലാസെടുക്കും. വൈകിട്ട് മൂന്നിന് നടക്കുന്ന പൊതുസമ്മേളനം മേയർ എം അനിൽകുമാർ ഉദ്ഘാടനം ചെയ്യും. ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ്. കെമാൽ പാഷ മുഖ്യാതിഥിയാകും. ഹൈബി ഈഡൻ എംപി മുഖ്യപ്രഭാഷണം നടത്താൻ. വെബ്സൈറ്റ് ഉദ്ഘാടനം ടി ജെ വിനോദ് എം എൽ എ നിർവഹിക്കും.

പല്ലാരിമംഗലത്ത് വിരമിക്കുന്ന ആംഗൻവാടി പ്രവർത്തകർക്ക് യാത്രയയപ്പ് നൽകി

കോതമംഗലം: പല്ലാരിമംഗലം പഞ്ചായത്തിലെ 4, 5 അങ്കണവാടികളിൽനിന്നും വിരമിക്കുന്ന ഹെൽപ്പർമാരായ പി ടി മറിയം, ആലീസ് ജോർജ്ജ് എന്നിവർക്ക് പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെയും, ഐസിഡിഎസ് പല്ലാരിമംഗലം സെക്ടറിന്റെയും നേതൃത്വത്തിൽ യാത്രയയപ്പ് നൽകി. പഞ്ചായത്ത് ഹാളിൽനടന്ന പരിപാടി പഞ്ചായത്ത് പ്രസിഡന്റ് ഖദീജ മുഹമ്മദ് ഉദ്ഘാടനം ചെയ്തു. വൈസ്പ്രസിഡന്റ് ഒ ഇ അബ്ബാസ് അദ്ധ്യക്ഷതവഹിച്ചു. സിഡിപിഒ ജിഷ ജോസഫ്, പഞ്ചായത്തംഗങ്ങളായ സഫിയ സലിം, കെ എം അബ്ദുൾ കരീം, സീനത്ത് മൈതീൻ, അബൂബക്കർ മാങ്കുളം, കെ എം മൈതീൻ, ആഷിത അൻസാരി, റിയാസ് തുരുത്തേൽ, എ എ രമണൻ, പഞ്ചായത്ത് സെക്രട്ടറി ഇ കെ കൃഷ്ണൻകുട്ടി, അസി. സെക്രട്ടറി എം എം നിസീമ, ഐസിഡിഎസ് സൂപ്പർവൈസർ എ എസ് ബിന്ദു, അങ്കണവാടി പ്രവർത്തകരായ എം എച്ച് റംല, ഭുവനേശ്വരി, വി.എ. റഷീദ, നബീസ ജമാൽ, പി.ടി. മറിയം, ആലീസ് ജോർജ്ജ് എന്നിവർ സംസാരിച്ചു.

ജോയിന്റ് കൗൺസിൽ ജില്ലാ ഭാരവാഹികളെ തെരഞ്ഞെടുത്തു

കോതമംഗലം: പന്ത്രണ്ടാം ശമ്പള പരിഷ്കരണ നടപടികൾ ആരംഭിക്കണമെന്ന് ജോയിന്റ് കൗൺസിൽ എറണാകുളം ജില്ലാ സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു. പുതിയ ജില്ലാ ഭാരവാഹികളായി എം. എ.അനൂപ് (ജില്ലാ പ്രസിഡന്റ്), കെ. പി.പോൾ, ഇ.പി.പ്രവിത, അബു സി. രഞ്ജി (ജില്ലാ വൈസ് പ്രസിഡന്റുമാർ), ഹുസൈൻ പതുവന (ജില്ലാ സെക്രട്ടറി), സതീഷ്കുമാർ റ്റി.എസ്, സുഭാഷ മാത്യു, ജി അരുൺകുമാർ (ജില്ലാ ജോയിന്റ് സെക്രട്ടറിമാർ), കെ. കെ.ശ്രീജേഷ് (ജില്ലാ ട്രഷറർ) എന്നിവരെയും വനിതാ ജില്ലാ കമ്മിറ്റി ഭാരവാഹികളായി കൊച്ചുത്രേസ്യാ ജാൻസി (പ്രസിഡന്റ്), എം സി ഷൈല (സെക്രട്ടറി) എന്നിവരെയും തെരഞ്ഞെടുത്തു.

കെഎം എൽപി സ്കൂൾ സമ്പൂർണ ഡിജിറ്റൽ വിദ്യാലയ പ്രഖ്യാപനം

മൂവാറ്റുപുഴ: കാവുംങ്കര കെ എം എൽ പി സ്കൂൾ സമ്പൂർണ ഡിജിറ്റൽ വിദ്യാലയപ്രഖ്യാപനം വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി വെർച്വൽ ആയി നിർവഹിച്ചു. സ്കൂൾ ചെയർമാൻ കെ എം ഹസ്സൻ അധ്യക്ഷനായി ഡോ. മാത്യു ക്കുഴൽ നടൻ എം എൽ എ ഇന്റർ ആക്റ്റീവ് പാനൽ ബോർഡിന്റെ സ്വിച്ച് ഓൺ കർമ്മം നിർവഹിച്ചു എറണാകുളം ജില്ലാ പഞ്ചായത്ത് അംഗവും പ്രൈവറ്റ് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റുമായ ശാരദ മോഹൻ മുഖ്യാതിഥി ആയിരുന്നു ഇലാഹിയ ട്രസ്റ്റ് ചെയർമാൻ കെ എം പരീത് മുഖ്യപ്രഭാഷണം നടത്തി. ഇലാഹിയ ട്രസ്റ്റ് വൈസ് ചെയർമാൻ അഡ്വ. ടി എസ് റഷീദ് പദ്ധതി വിശദീകരണം നിർവഹിച്ചു. ഇലാഹിയ എൻജിനീയറിങ് കോളജ് ചെയർമാൻ പി എച്ച് മുനീർ മാനേജർ വിയു സിദ്ദിഖ് എന്നിവർ ചേർന്ന് വിശിഷ്ടാതിഥിയെ ആദരിച്ചു. ഇലാഹിയ ട്രസ്റ്റ് ജനറൽ സെക്രട്ടറി പി എം അസീസ് ട്രഷറർ എം എം മുഹമ്മദ് കുഞ്ഞ് മാനേജർ വികെ അബ്ദുൽസലാം പിടിഎ പ്രസിഡന്റ് പി എസ് ഷിയാസ് വാർഡ് കൗൺസിലർ മാരായ നെജില ഷാജി പി എം അബ്ദുൽസലാം ഹൗസിയ അലി മാതൃസംഘം ചെയർപേഴ്സൺ സൽമാൻ നൗഷാദ് വി എ ഷമീർ ഹെഡ്മാസ്റ്റർ എംകെ മുഹമ്മദ് സംസാരിച്ചു.

മേയ് ദിന റാലിയും പൊതുസമ്മേളനവും

കോതമംഗലം: എൽഡിഎഫ് സംയുക്ത ട്രേഡ് യൂണിയൻ നിയോജകമണ്ഡലം സമിതി കോതമംഗലം നഗരത്തിൽ മെയ് ദിന റാലിയും പൊതുസമ്മേളനവും നടത്തി. രാവിലെ എട്ട് മണിക്ക് നിയോജകമണ്ഡലത്തിലെ വിവിധ തൊഴിലാളി കേന്ദ്രങ്ങളിൽ പതാകകൾ ഉയർത്തി. തുടർന്ന് മുനിസിപ്പൽ ഓഫിസിനു സമീപം കേന്ദ്രീകരിക്കുകയും മെയ്ദിന റാലി ആരംഭിക്കുകയും ചെയ്തു. സമ്മേളനം സിഐടിയു ജില്ലാ വൈസ് പ്രസിഡന്റ് പി.എസ്. മോഹനൻ ഉദ്ഘാടനം ചെയ്തു. എഐടിയു സി താലൂക്ക് സെക്രട്ടറി എം.എസ്. ജോർജ്ജ് അധ്യക്ഷനായി. സി. പി. എം. ജില്ലാ കമ്മിയംഗം കെ. എ. ജോയി, സി. പി. ഐ. താലൂക്ക് സെക്രട്ടറി പി.റ്റി. ബെന്നി, സിഐടിയു താലൂക്ക് പ്രസിഡന്റ് പി.എം. മുഹമ്മദാലി, എച്ച്എംഎസ്. സംസ്ഥാന വൈസ് പ്രസിഡന്റ് മനോജ് ഗോപി, കെടിയുസി (എം)സംസ്ഥാന കമ്മറ്റിയംഗം എൻ.സി. ചെറിയാൻ, അഡ്വ. പോൾ മുണ്ടയ്ക്കൽ, ജോഷി അറയ്ക്കൽ, വാവച്ചൻ തോപ്പിൽക്കുടി, കെ. ആർ മോഹനൻ തുടങ്ങിയവർ സംസാരിച്ചു.

മേയ് ദിനത്തിൽ എൽഡിഎഫ് സംയുക്ത ട്രേഡ് യൂണിയൻ നിയോജകമണ്ഡലം കമ്മറ്റി കോതമംഗലം നഗരത്തിൽ നടത്തിയ മേയ് ദിന റാലി.

ഐഎൻടിയുസി കോതമംഗലം റീജണൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചുമട് തൊഴിലാളി യൂണിയൻ വാർഷിക ജനറൽ ബോഡിയും മെയ് ദിനാഘോഷവും ജില്ലാ പ്രസിഡന്റ് കെ.കെ.ഇബ്രാഹിം കുട്ടി ഉദ്ഘാടനം ചെയ്യുന്നു.

വാർഷിക ജനറൽബോഡിയും മേയ്ദിനാഘോഷവും

കോതമംഗലം: ഐഎൻടിയുസി കോതമംഗലം റീജണൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചുമട്ട് തൊഴിലാളി യൂണിയൻ വാർഷിക ജനറൽ ബോഡിയും മെയ് ദിനാഘോഷവും സംഘടിപ്പിച്ചു. ഐഎൻടിയുസി. ജില്ലാ പ്രസിഡന്റ് കെ.കെ.ഇബ്രാഹിം കുട്ടി ഉദ്ഘാടനം ചെയ്തു. റീജണൽ പ്രസിഡന്റ് ഇൻ ചാർജ് കെ.സി .മാത്യു അധ്യക്ഷനായി. മുൻ നഗര സഭാ ചെയർമാനും മേഖലയിലെ ഐഎൻടിയുസി സ്ഥാപക നേതാവുമായ കെ.പി.ബാബു മെയ്ദിന പ്രഭാഷണവും കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ് ഷമീർ പനക്കൽ മുഖ്യ പ്രഭാഷണവും നടത്തി. ഐഎൻടിയുസി നേതാവായിരുന്ന അന്തരിച്ച റോയ് കെ. പോളിന്റെ സ്മരണക്കായി ഏർപ്പെടുത്തിയ മികച്ച ട്രേഡ് യൂണിയൻ സംഘാടകനുള്ള അവാർഡ് ചുമട്ട് തൊഴിലാളി യൂണിയൻ ജില്ലാ സെക്രട്ടറി കെ. വി.ആന്റണിക്ക് നൽകി ആദരിച്ചു. റീജണൽ ജനറൽ സെക്രട്ടറി സീതി മുഹമ്മദ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ആന്റണി കെ.വി, ജിജി സാജു, ബേസിൽ തണ്ണിക്കോട്ട്, ശശികുഞ്ഞ്മോൻ, ഭാനുമതിരാജു, അലി പടിഞ്ഞാറച്ചാലി, എം.എസ്. നിബു, കെ.എം.സലീം, ജോളി ജോർജ്, വിൽസൺ പിണ്ടിമന സംസാരിച്ചു.

എൽകെ. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രഥമ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ മണിപ്പൂർ സംവിധായകൻ ഹൗബം പവൻ കുമാർ ഉദ്ഘാടനം ചെയ്യുന്നു.

എൽകെ. ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിച്ചു

കൊച്ചി: ഡൽഹി ആസ്ഥാനമായുള്ള എൽകെ. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രഥമ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ കൊച്ചി കലൂരിലെ ഗോകുലം കൺവെൻഷൻ സെന്ററി നടന്നു. ഫെസ്റ്റിവലിന്റെ ഉദ്ഘാടന ചടങ്ങ് മണിപ്പൂർ സംവിധായകൻ ഹൗബം പവൻ കുമാർ ഉദ്ഘാടനം ചെയ്തു. പാർട്ടിസിപ്പേഷൻ വിഭാഗത്തിൽ അർഹരായ 385 പേർക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റും ഫലകവും വിതരണം ചെയ്തു. സംവിധായകരായ ഡോ. ബിജു, വിധു വിൻസെന്റ്, സുന്ദർ ദാസ്, എ. കെ സാജൻ എന്നിവരും ഫിപ്രസി ഇന്ത്യ പ്രസിഡന്റ് വി. കെ. ജോസഫ്, രാജീവ് രംഗൻ തുടങ്ങിയവർ പങ്കെടുത്തു. എ.കെ. ഷോർട്ട് ഫിലിം ഫെസ്റ്റിവലിന്റെ മത്സര വിഭാഗത്തിലേക്ക് ആകെ 420 എൻട്രികൾ ലഭിച്ചിരുന്നു. ഇതിൽനിന്നും വിവിധ കാറ്റഗറികളിൽ നിന്നുള്ള മികച്ച ഷോർട്ട് ഫിലിമുകൾ പ്രദർശിപ്പിച്ചു.

വൈകിട്ട് 5 മണിക്ക് ഫെസ്റ്റിവൽ സമാപന ചടങ്ങ് കേരള സംസ്ഥാന തുറമുഖം മ്യൂസിയം വകുപ്പ് മന്ത്രി കടന്നപ്പിള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ചടങ്ങി മണിപ്പൂർ സംവിധായകൻ ഹൗബം പവൻ കുമാറിനെയും പ്രശസ്ത സംവിധായകനായ ടി. വി. ചന്ദ്രനെയും മന്ത്രി പൊന്നാടയണിയിച്ച് ആദരിച്ചു. മുഖ്യാതിഥി സിബി മലയിൽ, ജൂറി ചെയർമാൻ കമൽ , ജൂറി അംഗങ്ങളായ സുന്ദർ ദാസ്, എ.കെ സാജൻ, ബൈജുരാജ് ചേകവർ, വി.കെ. ജോസഫ് സിനിമാതാരം അഞ്ജലി നായർ എന്നിവർ പങ്കെടുത്തു. എ കെ ഇന്റർനാഷണ ഫിലിം ഫെസ്റ്റിവലിന്റെ ഔദ്യോഗിക ലോഗോ പ്രകാശനം ചെയ്തു.

വൈസ്മെൻ ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് -7 കൺവെൻഷനും ഗവർണർ സ്ഥാനാരോഹണവും

കോതമംഗലം: വൈസ് മെൻ ഇന്റർനാഷണൽ മിഡ് വെസ്റ്റ് ഇന്ത്യാ റീജിയൺ ഡിസ്ട്രിക്റ്റ് -7ന്റെ ഗവർണർ സ്ഥാനാരോഹണവും വിവിധ ജീവകാരുണ്യ സേവന പദ്ധതികളുടെ ഉദ്ഘാടനവും അവാർഡു ദാനവും നാളെ നടക്കും

നാളെ വൈകിട്ട് 5 നു നടക്കുന്ന ഡിസ്ട്രിക്റ്റ് കൺവെൻഷൻ വൈസ് മെൻ ഇന്റർനാഷണൽ പ്രസിഡന്റ് അഡ്വ.എ.ഷാനവാസ് ഖാൻ ഉദ്ഘാടനം ചെയ്യും. ഡിസ്ട്രിക്റ്റ് ഗവർണർ വർഗീസ് പീറ്റർ അധ്യക്ഷത വഹിക്കും. ഇന്റർനാഷണൽ സെക്രട്ടറി ജനറൽ ജോസ് വർഗീസ് മുഖ്യപ്രഭാഷണം നടത്തും. ഇന്ത്യാ ഏരിയ പ്രസിഡന്റ് അഡ്വ. ബാബു ജോർജ് ജീവ കാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിക്കും. റീജിയണൽ ഡയറക്ടർ ഡോ സാജു എം കറുത്തേടം അവാർഡു വിതരണം ഉദ്ഘാടനം ചെയ്യും. പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങുകൾ നിയുക്ത റീജിയണൽ ഡയറക്ടർ പി. ജെ കുര്യാച്ചൻ നിർവഹിക്കും.

ലഹരി വിമുക്ത കേരളം പ്രോജക്റ്റിന്റെ ഉദ്ഘാടനം ഐ.സി.എം മാത്യൂസ് എബ്രഹാമും,ക്ലബ്ബ് പ്രോജക്റ്റുകൾ നിയുക്ത എൽ. ആർ.ഡി ജിജോ വി എൽദോ എന്നിവർ നിർവഹിക്കും. മുൻ ഐസിഎം പ്രൊഫ: എം.കെ ബാബു, റീജിയണൽ സെക്രട്ടറി ബെന്നി പോൾ, ട്രഷറർ ഡാനിയേൽ സി. ജോൺ, ബുള്ളറ്റിൻ എഡിറ്റർ ലൈജു ഫിലിപ്പ് സംസാരിക്കും.

ഹോട്ടലിൽ അനാശാസ്യം

11 യുവതികൾ പിടിയിൽ

കൊച്ചി: വൈറ്റിലയിലെ ഫോർസ്റ്റാർ ഹോട്ടൽ കേന്ദ്രീകരിച്ച് അനാശാസ്യം. വൈറ്റില ആർടിക് ഹോട്ടലിൽ പൊലീസ് നടത്തിയ പരിശോധനയിൽ 11 യുവതികളും ഇടനിലക്കാരനും പിടിയിലായി. ലഹരി പരിശോധനയ്ക്കിടെയാണ് സ്പായുടെ മറവിൽ പ്രവർത്തിച്ചിരുന്ന അനാശ്യാസ്യ സംഘം പിടിയിലായത്.

വൈറ്റിലയിലെ ഫോർസ്റ്റാർ ഹോട്ടലായ 'ആർട്ടിക്കി'ൽ ലഹരി ഇടപാട് നടക്കുന്നുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഡാൻസാഫും മരട് പൊലീസും ഹോട്ടലിൽ പരിശോധനയ്ക്കെത്തിയത്. എന്നാൽ ലഹരി കണ്ടെത്തിയില്ല, പക്ഷെ വൻ പെൺവാണിഭ സംഘം പൊലീസിന്റെ വലയിലിൽ. ഹോട്ടലിന്റെ മൂന്നാം നിലയിലെ മൂന്ന് മുറികൾ വാടകയ്ക്കെടുത്ത് മഞ്ചേരി സ്വദേശി നൗഷാദ് എന്നയാളാണ് സ്പാ നടത്തിയത്. ഇയാളുടെ ഇടനിലക്കാരനായി പ്രവർത്തിച്ച കൊച്ചി സ്വദേശി ജോസ് പരിശോധന സമയത്ത് ഹോട്ടലിലുണ്ടായിരുന്നു.

മാനെജറായി പ്രവർത്തിച്ച യുവതി ഉൾപ്പടെ മലയാളികളായ 11 യുവതികളാണ് പിടിയിലായത്. കൂടുതലും കൊച്ചിക്കാർ. മാസ ശമ്പളത്തിലാണ് യുവതികളെ നിയമിച്ചിരുന്നത്. മാനേജരായ യുവതിക്ക് 30000 രൂപ, ഇടനിലക്കാരനായ ജോസിന് 20000 രൂപ, മറ്റുള്ളവർക്ക് 15000 രൂപ എന്നിങ്ങനെയായിരുന്നു ശമ്പളം. അനാശാസ്യത്തിലൂടെ ലഭിക്കുന്ന വരുമാനം വേറെയും. ഒരു മാസം സ്പായിൽ നിന്ന് മാത്രം മൂന്നര ലക്ഷം രൂപ വരെ ഇടനിലക്കാർക്ക് ലഭിച്ചതായി പൊലീസ് പറഞ്ഞു.

ഓരുമുട്ടുകൾ പൊളിച്ചു നീക്കണം: കിസാൻസഭ

വൈക്കം: ഓരുവെള്ള ഭീഷണിയിൽനിന്നും നെൽകൃഷിയെ സംരക്ഷിക്കുന്നതിനായി ഉദയനാപുരം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമിച്ച ഓരുമുട്ടുകൾ എത്രയും വേഗം പൊളിച്ചു നീക്കണമെന്ന് അഖിലേന്ത്യാ കിസാൻസഭ ഉദയനാപുരം മേഖലാ കമ്മിറ്റി ബന്ധപ്പെട്ട അധികൃതരോട് ആവശ്യപ്പെട്ടു. ജലാശയങ്ങളും, കുളങ്ങളും, തോടുകളും വരെ വറ്റിവരണ്ട് കൃഷിയാവശ്യങ്ങൾക്കും, പ്രാഥമിക ആവശ്യങ്ങൾക്കുവരെ ശുദ്ധജലം കിട്ടാനില്ലാത്ത അവസ്ഥയാണ്. കൊതുകുശല്യം വർധിക്കുകയും, പലവിധ രോഗങ്ങൾക്കു കാരണമാവുകയും ചെയ്യുന്നുണ്ടെന്നും യോഗം വിലയിരുത്തി. മേഖലാ പ്രസിഡന്റ് സി. ടി കുര്യാക്കോസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കിസാൻസഭ മണ്ഡലം സെക്രട്ടറി കെ.എം മുരളിധരൻ, മേഖലാ സെക്രട്ടറി കെ.കെ സാബു, കെ.ജി ഷാജി, കെഎം ബാബു എന്നിവർ സംസാരിച്ചു.

പാലച്ചുവട് തേക്കുംമൂട്ടിപ്പടി പെരിങ്ങാമല ബാല ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ പ്രതിഷ്ഠാദിന ഉത്സവത്തിന് മുന്നോടിയായുള്ള ഭാഗവത സപ്താഹ യജ്ഞം.

പെരിങ്ങാമല ബാല ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ പ്രതിഷ്ഠാദിന ഉത്സവം

പിറവം: പാലച്ചുവട് തേക്കുംമൂട്ടിപ്പടി പെരിങ്ങാമല ബാല ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ പ്രതിഷ്ഠാദിന ഉത്സവത്തിന് മുന്നോടിയായുള്ള ഭാഗവത സപ്താഹ യജ്ഞം ആരംഭിച്ചു. മേയ് 10നാണ് പ്രതിഷ്ഠാദിന ഉത്സവം. ഉത്സവത്തിന് മുന്നോടിയായുള്ള ഭാഗവത സപ്താഹയജ്ഞവും ദശാവതാരം ചന്ദനം ചാർത്തലും ആരംഭിച്ചു. വ്യാഴാഴ്ച രാവിലെ ക്ഷേത്രത്തിൽ മത്സ്യാവതാരം ചന്ദനം ചാർത്ത് നടന്നു. രാവിലെ 7 മുതൽ ദർശനത്തിന് സൗകര്യമുണ്ട്. ഭാഗവത പണ്ഡിത മിനി മോഹനാണ് യജ്ഞാചാര്യ. സുജാ രാജൻ പാരായണം നടത്തും. നീലകണ്ഠശർമ യജ്ഞവേദിയിലെ പൂജകൾ നിർവഹിക്കും. യജ്ഞം മേയ് എട്ടിന് രാവിലെ 11ന് അവഭൃഥ സ്നാനം, പ്രസാദ ഊട്ട് എന്നിവയോടെ സമാപിക്കും. വൈകീട്ട് കൈകൊട്ടിക്കളി, കൊച്ചിൻ ശ്രുതിലയയുടെ ഭക്തി ഗാനസുധ തുടങ്ങിയവയുണ്ട്. മേയ് ഒൻപതിന് രാവിലെ നാരായണീയ പാരായണം, വൈകീട്ട് ദീപാരാധനയെ തുടർന്ന് കൈകൊട്ടിക്കളി, ഭക്തിഗാന സദസ്സ് എന്നിവയുണ്ട്. പ്രതിഷ്ഠാദിനമായ മേയ് 10ന് രാവിലെ 8ന് ശീവേലി, 10ന് ക്ഷേത്രം തന്ത്രി മനയത്താറ്റ് അനിൽ ദിവാകരൻ നമ്പൂതിരിയുടെ കാർമികത്വത്തിൽ വിശേഷാൽ പൂജകൾ, കലശാഭിഷേകം, കളഭാഭിഷേകം 10ന് ഉച്ചപ്പൂജ എന്നിവ നടക്കും. തുടർന്ന് 11.30ന് പെരിങ്ങാ മലയിലെ പ്രത്യേക വഴിപാടായ മഹാബാലഊട്ട്, തുടർന്ന് മഹാപ്രസാദ ഊട്ട്. വൈകീട്ട് 4ന് പിറവം ടൗണിനോട് ചേർന്നുള്ള കരക്കോട് ശ്രീമൂലസ്ഥാനത്ത് പ്രത്യേക പൂജ, തുടർന്ന് ടൗൺ ചുറ്റി ക്ഷേത്രത്തിലേക്ക് താലപ്പൊലി ഘോഷയാത്ര എന്നിവയുണ്ട്.

ഫാക്റ്റ് ഈസ്റ്റേൺ യുപി സ്കൂൾ പൂർവ വിദ്യാർഥി സംഗമം

ഏലൂർ: ഏലൂരിലെ പ്രമുഖ വ്യവസായ ശാലകളിലെ ജീവനക്കാരുടെയും പ്രദേശവാസികളുടെയും മക്കളെ സാക്ഷരരാക്കുന്നതിന് എം.കെ.കെ.നായർ ഉദ്യോഗമണ്ഡലിൽ പണികഴിപ്പിച്ച നിരവധി വിദ്യാലയങ്ങളിൽ ഒന്നായ ഫാക്ട് ഈസ്റ്റേൺ യുപി സ്കൂളിന്റെ ഡയമണ്ട് ജൂബിലി ആഘോഷത്തോടനുബന്ധിച്ച് പൂർവ വിദ്യാർഥി സംഗമം നടത്തുന്നുവെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു. ഇന്ന് രാവിലെ 8.30 ന് എംകെകെ നായരുടെ ഫോട്ടോയിൽ പുഷ്പാർച്ചന നടത്തിപരിപാടികൾക്ക് തുടക്കം കുറിക്കും. രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തും കലാ സാഹിത്യ-കായിക മേഖലകളിലും ഒട്ടേറെ പ്രതിഭകളെ സംഭാവന ചെയ്ത വിദ്യാലയമാണ്. ഇവരെല്ലാവരും ഈ സംഗമത്തിൽ എത്തിച്ചേരും. രാവിലെ 9 മണി മുതൽ കായിക മത്സരങ്ങൾ ആരംഭിക്കും. വൈകീട്ട് നടക്കുന്ന സാംസ്കാരിക സംഗമത്തിൽ പ്രശസ്ത ചമയ കലാകാരനും ആഘോഷ സമിതിയുടെ ചെയർമാനുമായ പട്ടണം റഷീദ് അധ്യക്ഷതവഹിക്കും. ജില്ലാ കലക്ടർ എൻ എസ് കെ ഉമേഷ് സ്മൃതിമധുരം 2025 ഉദ്ഘാടനം നിർവഹിക്കും. പ്രശസ്ത ചലച്ചിത്രനടനും സംവിധായകനുമായ എം.എസ്. നാദിർഷ, സിനിമ നടൻ വിഷ്ണു ഉണ്ണികൃഷ്ണൻ, ചലച്ചിത്ര നടന്മാരായ ബിബിൻ ജോർജ്, ശ്രീകാന്ത് മുരളി ചലച്ചിത്ര സംവിധായകൻ എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും. ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻപിള്ള, ഏലൂർ നഗരസഭ ചെയർമാൻ എ ഡി സുജിൽ, കസ്തൂർബ സ്കൂൾ മാനേജർ എസ് അമൃത ഗോമതി, ഈസ്റ്റേൺ സ്കൂൾ പ്രധാന അധ്യാപിക അനിത, ഹൈസ്കൂൾ മുൻ പ്രധാന അധ്യാപിക ആർ ഗീതാ ദേവി സംസാരിക്കും. പട്ടണം റഷീദ്, കെ. എൻ.ഗോപിനാഥ്, പി.എസ്. മുരളി, വാണി ദേവി, ബോബൻ ആന്റണി എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

സുസ്ഥിരതാ പഠനത്തിനായി മാലിദ്വീപ് സർവകലാശാലാസംഘം കുസാറ്റിൽ

കളമശേരി: സുസ്ഥിരതാപഠനങ്ങൾ നടത്തുന്നതിനായി ഒരാഴ്ചത്തെ സന്ദർശനത്തിന്റെ ഭാഗമായി മാലിദ്വീപ് ദേശീയ സർവകലാശാലയിൽ (എംഎൻയു) നിന്നുള്ള 16 അംഗ പ്രതിനിധി സംഘം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ (കുസാറ്റ്) എത്തി. ലോകത്തിലെ ആദ്യത്തെ പൂർണ സൗരോർജ്ജവിമാനത്താവളമായ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിലിമിറ്റഡ് (സിയാൽ) സന്ദർശിച്ചഎംഎൻയുവിലെ ആർട്സ് ഫാക്കൽറ്റിയിലെ വിദ്യാർത്ഥികളുടെയും ഫാക്കൽറ്റിയുടെയും സംഘം കൊച്ചി നഗരത്തിലെ സുസ്ഥിര വികസന സംരംഭങ്ങളിൽ പഠനം നടത്തും.

കുസാറ്റിൽ രജിസ്ട്രാർ ഡോ. എ.യു. അരുണിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ടീമിന് സ്വീകരണം നൽകി. എംഎൻയുവിൽ നിന്നുള്ള ഡോ. അലി ഷമീം, റാണ വഹീദ്, ഇസ്മായിൽ ഹംദൂൺ, അമിനിത് നഹുസ, അലി ജിന, ഇബ്രാഹിം റിസ, ഐദ ഹമ്മദ്, കുസാറ്റ് ഇന്റർനാഷണൽ റിലേഷൻസ് ഡയറക്ടർ ഡോ.ഹരീഷ് എൻ രാമനാഥൻ എന്നിവർ ചടങ്ങിൽ വിഷയാവതരണം നടത്തി. മാലിദ്വീപിൻറെ പൈതൃകത്തെയും സംസ്കാരത്തെയും കുറിച്ചുള്ള പരിപാടികളും ചടങ്ങിന്റെ ഭാഗമായി. സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി കുഞ്ഞാലി മരക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗ്, തൃക്കാക്കര ക്യാംപസ് എന്നിവ മാലിദ്വീപ് സർവകലാശാലാ സംഘം സന്ദർശിച്ചു. ഇന്ന് പ്ലാനറ്റ് എർത്ത് എന്ന എൻജിഒ നടത്തുന്ന കണ്ടൽക്കാടുകളുടെ സംരക്ഷണവും സമുദ്രത്തിലെ പ്ലാസ്റ്റിക് മാലിന്യശേഖരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെക്കുറിച്ച് അവർ പഠിക്കും. എൻജിഒയുടെ സുസ്ഥിര പരിസ്ഥിതി സംരംഭങ്ങളെക്കുറിച്ച് വിദഗ്ദ്ധ പ്രഭാഷണത്തിൽ പങ്കെടുക്കുകയും ചെയ്യും. ഞായറാഴ്ച സർവകലാശാലാസംഘം മാലിദ്വീപിലേക്ക് മടങ്ങും.

മാലിദ്വീപ് ദേശീയ സർവകലാശാലയിൽ നിന്നുള്ള വിദ്യാർഥികളും അധ്യാപകരും കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ.

നഗ്നയായി തെരുവിൽ അലഞ്ഞ വൃദ്ധയെ പീസ് വാലി ഏറ്റെടുത്തു

കളമശേരി: മാനസിക വിഭ്രാന്തിയിൽ പൂർണനഗ്നയായി റോഡിലൂടെ അലഞ്ഞുനടന്നിരുന്ന വൃദ്ധക്ക് ഒടുവിൽ കോതമംഗലം പീസ്വാലി തുണയായി.ദേശീയപാതയിൽ കുനംതൈ ഭാഗത്ത് ദിവസങ്ങളായി വിവസ്ത്രയായി അലഞ്ഞു നടന്ന വയോധികയെ പൊതുപ്രവർത്തകർ ചേർന്ന്വസ്ത്രം ധരിപ്പിച്ച് ഭക്ഷണം നൽകി പൊലീസ് സ്റ്റേഷനിൽ എത്തിച്ചു.തുടർന്ന് തെരുവിൽ ഭിക്ഷ യാചിച്ചു കഴിയുന്ന മനുഷ്യരുടെ പുനരധിവാസം ലക്ഷ്യമിട്ടുള്ള കേന്ദ്ര സർക്കാർ പ